ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 17.02.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1). നികുതി ദായകർക്ക് ആശ്വാസം പകരുന്നതിനൊപ്പം, മൂലധന നിക്ഷേപത്തിനും കേന്ദ്രബജറ്റിൽ പ്രധാന്യം നൽകിയതായി ധനമന്ത്രി നിർമലാ സീതാരാമൻ.

**Besides providing relief to tax payers, 2025-26 Union Budget also given prominence to capital asset building, says Union Finance Minister Nirmala Sitharaman.**

2) ഡൽഹിയിലും ബിഹാറിലും ശക്തമായ ഭൂചലനം. ജനങ്ങൾ പരിഭ്രാന്തരാകാതെ ഇരിക്കണമെന്നും, സുരക്ഷാ മുൻകരുതലുകൾ പാലിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.

**Earthquakes of magnitude 4.0 hit Delhi and Bihar this morning. Prime Minister Narendra Modi urged everyone to stay calm and follow safety precautions.**

3) മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറെ തെരഞ്ഞെടുക്കുന്നതിന് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് മൂന്നംഗ സമിതി യോഗം ചേരും.

**A three-member committee under the leadership of the Prime Minister will meet today to select the new Chief Election Commissioner.**

4) വയനാട് പുനരധിവാസത്തിനായുള്ള കേന്ദ്ര വായ്പാ വിനിയോഗം സംബന്ധിച്ച ചർച്ചയ്ക്കായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് യോഗം.

**Chief Minister Pinarayi Vijayan will hold a meeting today in Thiruvananthapuram to discuss central loan utilization for Wayanad rehabilitation.**

5) രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളാ-ഗുജറാത്ത് മത്സരം പുരോഗമിക്കുന്നു.

**Kerala-Gujarat match in Ranji Trophy cricket is in progress.**

*********************************************

## NIRMALA SITARAMAN – (INTRO)

നികുതി ദായകർക്ക് ആശ്വാസം പകരുന്നതിനൊപ്പം,

മൂലധന നിക്ഷേപത്തിനും 2025-26 ലെ കേന്ദ്രബജറ്റിൽ പ്രധാന്യം നൽകിയതായി ധനമന്ത്രി നിർമലാ സീതാരാമൻ. മുംബൈയിൽ വ്യാവസായിക മേഖലയിൽ നിന്നുള്ള പ്രതിനിധികളുമായും ടാക്സ് പ്രൊഫഷണൽസുമായും സംവദിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ആദായ നികുതിയിൽ ജനങ്ങൾക്ക് ആശ്വാസപ്രദമാകുന്ന ഇളവുകൾ പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് ഏർപ്പെടുത്തിയതെന്നും ധനമന്ത്രി പറഞ്ഞു. വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കെത്തുന്നതിനുള്ള സംരംഭങ്ങൾക്ക് ബജറ്റിൽ പ്രത്യേക പ്രാധാന്യം നൽകിയതായും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.

**(VOICE……..)**

*********************************************

## DELHI–BIHAR EARTHQUAKE – (INTRO)

ഡൽഹിയിലും ബിഹാറിലും ഇന്ന് രാവിലെ ശക്തമായ ഭൂചലനം അനുഭവപ്പെട്ട പശ്ചാത്തലത്തിൽ ജനങ്ങൾ പരിഭ്രാന്തരാകാതെ ഇരിക്കണമെന്നും, സുരക്ഷാ മുൻകരുതലുകൾ

പാലിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. റിക്ടർ സ്കെയിലിൽ 4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഡൽഹിയിൽ ഇന്ന് പുലർച്ചെ 5.36 നാണ് അനുഭവപ്പെട്ടത്. ധൗല കുവാം മേഖലയ്ക്ക് സമീപം അഞ്ച് കിലോമീറ്റർ ആഴത്തിലാണ് ഭൂകമ്പത്തിൻറെ പ്രഭവകേന്ദ്രം. ബിഹാറിലെ സിവാൻ ജില്ലയിലും സമീപ പ്രദേശങ്ങളിലും രാവിലെ 8.02 നാണ് റിക്ചർ സ്കെയിലിൽ 4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായത്. ഭൂചലനങ്ങളിൽ ആളപായമോ മറ്റ് നാശനഷ്ടങ്ങളോ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. തുടർചലനങ്ങൾക്ക് അടുത്ത 24 മണിക്കൂർ നേരം സാധ്യതയുണ്ടെന്നും, സ്ഥിതിഗതികൾ നിരീക്ഷിച്ച് വരികയാണെന്നും ദേശീയ സീസ് മോളജി സെൻററ് ഡയറക്ടർ ഡോ. ഓംപ്രകാശ് മിശ്ര ആകാശവാണിയോട് പറഞ്ഞു.

**(HOLD FOR BYTE……..)**

ഡൽഹിയിൽ അടിയന്തര സാഹചര്യങ്ങളിൽ **112** എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടണമെന്ന് ഡൽഹി പോലീസ് നിർദേശം നൽകി.

**********************************************

**CHIEF ELECTION COMMISSIONER**

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറെ തെരഞ്ഞെടുക്കുന്നതിന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഇന്ന് സെലക്ഷൻ കമ്മിറ്റി യോഗം ചേരും. മൂന്നംഗ സമിതിയിൽ ഒരു കേന്ദ്രമന്ത്രിയും, പ്രതിപക്ഷ നേതാവുമാണുള്ളത്. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ നാളെ കാലാവധി പൂർത്തിയാക്കുന്ന സാഹചര്യത്തിലാണ് യോഗം.

**********************************************

## BJP LEGISLATIVE PARTY MEETING

ഡൽഹിയിൽ പുതിയ സർക്കാർ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇന്ന് ന്യൂഡൽഹിയിൽ ചേരാനിരുന്ന ബിജെപി നിയമസഭാ കക്ഷി യോഗം ബുധനാഴ്ചത്തേക്ക് മാറ്റി. പുതുതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ എംഎൽഎമാരും ഡൽഹി ബിജെപിയിലെ മുതിർന്ന നേതാക്കളും യോഗത്തിൽ പങ്കെടുക്കും. പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞ വ്യാഴാഴ്ച നടക്കുമെന്നാണ് സൂചന.

***********************************************

## MORN. RAILWAY MEASURES

ന്യൂ ഡൽഹി റെയിൽവേസ്റ്റേഷനിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ച് ഉത്തര റെയിൽവേ. പ്രയാഗ് രാജിലേക്കുള്ള പ്രത്യേക ട്രെയിനുകൾ 16-ാം നമ്പർ പ്ലാറ്റ് ഫോമിൽ നിന്ന് സർവീസ് നടത്തുമെന്നും പുറത്തേക്കുള്ള വഴി അജ്മീരി ഗേറ്റിലൂടെ ആയിരിക്കുമെന്നും റെയിൽവേ അറിയിച്ചു. തിരക്ക് നിയന്ത്രിക്കുന്നതിനായി കൂടുതൽ സുരക്ഷാ സേനാംഗങ്ങളെയും നിയോഗിച്ചിട്ടുണ്ട്. ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ കഴിഞ്ഞ ദിവസം തിക്കിലും തിരക്കിലും 18 പേർക്ക് ജീവൻ നഷ്ടമായ സാഹചര്യത്തിലാണ് നടപടികൾ. തിരക്ക് നിയന്ത്രിക്കാൻ അടുത്തയാഴ്ച വരെ ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ പ്ലാറ്റ് ഫോം ടിക്കറ്റുകൾ നൽകില്ലെന്നും അധികൃതർ അറിയിച്ചു.

***********************************************

## QATAR AMIR VISIT

ഖത്തർ അമീർ -ഷെയ്ഖ് തമിം ബിൻ ഹമദ് അൽ താനി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിൽ. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. രാഷ്ട്രപതി ഭവനിൽ നാളെ അദ്ദേഹത്തിന് ഔദ്യോഗിക സ്വീകരണം

നൽകും. രാഷ്ട്രപതിയുമായും പ്രധാനമന്ത്രിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

**********************************************

**ബ്രേക്ക്.............**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

**********************************************

**മുഖ്യമന്ത്രി വയനാട്- യോഗം**

വയനാട് പുനരധിവാസത്തിനായുള്ള കേന്ദ്ര വായ്പാ വിനിയോഗം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗം ഇന്ന് വൈകുന്നരം അഞ്ചിന് തിരുവനന്തപുരത്ത് ചേരും. പുനരധിവാസത്തിനായി കേന്ദ്രസർക്കാർ കഴിഞ്ഞ ദിവസം 530 കോടി രൂപയുടെ പലിശരഹിത വായ്പ അനുവദിച്ചിരുന്നു. വായ്പ മാർച്ച് 31 നകം വിനിയോഗിക്കണമെന്ന നിർദ്ദേശത്തിൻറെ പശ്ചാത്തലത്തിലാണ് ഇന്ന് പ്രത്യേക യോഗം ചേരുന്നത്.

**********************************************

**ISRO- PROPELLANT**

സോളിഡ് റോക്കറ്റ് മോട്ടോറുകൾക്കായി 10 ടൺ പ്രൊപ്പല്ലന്റ് മിക്സർ വികസിപ്പിച്ച് ഐഎസ്ആർഒ. സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രമാണ് ലോകത്തിലെ ഏറ്റവും വലിയ പ്രൊപ്പല്ലന്റ് മിക്സർ രൂപകൽപന ചെയ്തത്.

**'ആത്മനിർഭർ ഭാരത് ഇൻ സ്പേസ്'** സംരംഭത്തിന് കീഴിൽ ബഹിരാകാശ സാങ്കേതികവിദ്യയിൽ ഇന്ത്യ കൈവരിക്കുന്ന സ്വയംപര്യാപ്തതയുടെ പ്രതീകമാണിതെന്ന് ഐഎസ്ആർഒ വ്യക്തമാക്കി.

**********************************************

**US – DEPORTEES**

അമേരിക്കയിൽ നിന്നും അനധികൃത കുടിയേറ്റക്കാരുമായുള്ള മൂന്നാമത്തെ വിമാനം ഇന്നലെ രാത്രി അമൃത്സർ വിമാനത്താവളത്തിൽ എത്തി. 112 പേരാണ് വിമാനത്തിലുണ്ടായിരുന്നത്. ശനിയാഴ്ച രാത്രിയും ഈ മാസം അഞ്ചിനുമായി അനധികൃത കുടിയേറ്റക്കാരുടെ മറ്റ് രണ്ട് സംഘങ്ങളെയും രാജ്യത്ത് എത്തിച്ചിരുന്നു.

*********************************************

**DHARMENDRA PRADHAN**

വിദ്യാഭ്യാസത്തിലൂടെ യുവജനങ്ങൾക്ക് തൊഴിൽ നേടാനുള്ള പ്രാവീണ്യം മാത്രമല്ല തൊഴിൽദാതാക്കൾ ആകാനുള്ള പരിശീലനവും ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ സാധ്യമാക്കുന്നതായി കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ. ഡൽഹിയിലെ ഹിന്ദു കോളേജിന്റെ 126മത് സ്ഥാപക ദിന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

*********************************************

**WATER MINISTERS CONFERENCE**

ജലശക്തി മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ ജല മിഷൻറെ നേതൃത്വത്തിൽ സംസ്ഥാന ജലമന്ത്രിമാരുടെ രണ്ടാമത് അഖിലേന്ത്യാ സമ്മേളനം നാളെ രാജ്സ്ഥാനിലെ ഉദയ്പൂരിൽ ആരംഭിക്കും. രണ്ട് ദിവസത്തെ സമ്മേളനത്തിൽ വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മന്ത്രിമാർ പങ്കെടുക്കും.

*********************************************

## GUILLAIN – BARRE SYNDROME

ആന്ധ്രാപ്രദേശിൽ ഗില്ലൻ ബാരി സിൻഡ്രോം ബാധിച്ച് രണ്ട് മരണം. 45 വയസുള്ള സ്ത്രീയും 10 വയസുള്ള ആൺകുട്ടിയുമാണ് മരിച്ചത്. നിലവിൽ 17 പേരാണ് രോഗബാധിതരായുള്ളത്.

*********************************************

## RANJI TROPHY

രഞ്ജി ട്രോഫി സെമി ഫൈനലിൽ കേരളം ഗുജറാത്തിനെ നേരിടുന്നു. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത കേരളം ഒടുവിൽ വിവരം ലഭിക്കുമ്പോൾ 2 വിക്കറ്റ് നഷ്ടത്തിൽ 84 റൺസ് എന്ന നിലയിലാണ്. ഓപ്പണർമാർ മോശമല്ലാത്ത തുടക്കമാണ് കേരളത്തിന് നല്കിയത്. സ്കോർ 60 ൽ നിൽക്കേ അക്ഷയ് ചന്ദ്രൻ റൺ ഔട്ട് ആയത് കേരളത്തിന് തിരിച്ചടിയായി.

*********************************************

## WPL

വനിതാ പ്രീമിയർ ലീഗ് ട്വൻറി-20 ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്- റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. വഡോദരയിൽ രാത്രി 7:30-നാണ് മത്സരം.

*********************************************

## ഐ ലീഗ്

ഐ ലീഗ് ഫുട്ബോളിൽ തുടർച്ചയായ തോൽവികൾക്ക് ശേഷം ആശ്വാസ ജയം തേടി ഗോകുലം കേരള ഇന്നിറങ്ങും.

കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ രാത്രി ഏഴിന് നടക്കുന്ന മത്സരത്തിൽ ഡൽഹി എഫ്.സി യെയാണ് ഗോകുലം നേരിടുക. പോയിൻറ് പട്ടികയിൽ ഗോകുലം ഏഴാം സ്ഥാനത്തും ഡൽഹി പതിനൊന്നാം സ്ഥാനത്തുമാണ്

*********************************************

## SOUTH KOREA- DEEPSEEK

വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുന്നു എന്ന ആരോപണത്തെ തുടർന്ന് ചൈനീസ് എഐ ആപ്പ് ഡീപ് സീക്കിൻറെ ഉപയോഗം ദക്ഷിണ കൊറിയ താത്കാലികമായി നിർത്തിവയ്ച്ചു. രാജ്യത്ത് നിലവിലുള്ള വ്യക്തി വിവര സംരക്ഷണ നിയമങ്ങൾക്കു വിധേയമായി ഡീപ് സീക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതു വരെ നിയന്ത്രണം തുടരുമെന്നും ദക്ഷിണ കൊറിയ അറിയിച്ചു.

************************************************

## NETANYAHU- CAIRO

ഗസ വെടിനിർത്തൽ കരാർ സംബന്ധിച്ച ചർച്ചകൾക്കായി ഇസ്രയേലി സംഘം കെയ്റോയിലേക്ക് പോകുമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. ഒന്നാംഘട്ട കരാർ തുടരുന്നത് സംബന്ധിച്ചും, രണ്ടാംഘട്ട കരാറിൻറെ സാധ്യതകളെക്കുറിച്ചുമുള്ള ചർച്ചകളാണ് കെയ്റോയിൽ നടക്കുക. യു.എസ് മിഡിൽ ഈസ്റ്റ് നയതന്ത്ര പ്രതിനിധിയുമായി ടെലിഫോൺ സംഭാഷണം നടത്തിയ ശേഷമാണ് നെതന്യാഹുവിൻറെ ഈ തീരുമാനം.

************************************************

## വി സോമണ്ണ-കേരളം

കേന്ദ്രബജറ്റ് ആശയ വിനിമയ പരിപാടിയിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര റെയിൽവേ - ജൽശക്തി വകുപ്പ് സഹമന്ത്രി വി. സോമണ്ണ നാളെ കേരളത്തിലെത്തും. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുക്കും. കേന്ദ്ര ബജറ്റ് പ്രഖ്യാപനങ്ങൾ ചർച്ചയാകും.

************************************************

## ഹിമാചൽ പ്രദേശ് കേരളം

ഹിമാചൽപ്രദേശ് നിയമസഭ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മറ്റി അംഗങ്ങൾ നിയമസഭ സ്പീക്കർ എ എൻ ഷംസീറുമായി കൂടിക്കാഴ്ച നടത്തി. വിവിധ നിയമസഭ സമിതികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിനിധികൾ ചർച്ച ചെയ്തു. ഇരു സംസ്ഥാനങ്ങളുടെയും നിയമസഭകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് കൂടിക്കാഴ്ച സഹായകരമായതായി സ്പീക്കർ പറഞ്ഞു.

**********************************************

## SABARIMALA

കുംഭമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് രാത്രി 10-ന് അടയ്ക്കും. വൈകുന്നേരം ആറിന് ശേഷം പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് തീർഥാടകരെ കയറ്റിവിടില്ല.

**********************************************

## ബി.എസ്.എഫ്

അതിർത്തി സുരക്ഷാ സേനയും ബംഗ്ലാദേശ് അതിർത്തി രക്ഷാ സേനയും തമ്മിലുള്ള 55-മത് ഡയറക്ടർ ജനറൽ തല- ബോർഡർ കോർഡിനേഷൻ സമ്മേളനത്തിന് ഇന്ന് തുടക്കം.

ബിഎസ്എഫിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ നടക്കുന്ന സമ്മേളനത്തിൽ, അതിർത്തിയുമായി ബന്ധപ്പെട്ട വിഷയങ്ങളും അതിർത്തി രക്ഷാ സേനകൾ തമ്മിലുള്ള മികച്ച ഏകോപനത്തിനുള്ള മാർഗ്ഗങ്ങളും ചർച്ചയാകും.

ഈ മാസം 20 വരെയാണ് സമ്മേളനം.

**********************************************

**ഓഹരി സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 225 പോയിൻറ് താഴ്ന്ന് 75,714-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 65 പോയിൻറ് നഷ്ടത്തിൽ 22,840 -ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില ഉയർന്നു. പവന് 400 രൂപ വർധിച്ച് 63,520 രൂപയും ഗ്രാമിന് 50 രൂപ ഉയർന്ന് 7,940 രൂപയുമാണ് ഇന്നത്തെ വില.

********

************************

**********************************************